സർവശിക്ഷാ അഭിയാൻ പദ്ധതി–അഴിമതികളെയും ക്രമക്കേടുകളെയും കുറിച്ച് അന്വേഷണം നടത്താൻ നടപടി

85 [3259] ശ്രീ. പിരപ്പൻകോട് മുരളി:
" ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവശിക്ഷാ അഭിയാൻ പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) സർവശിക്ഷാ അഭിയാൻ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുക ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) ഇതിൽ എന്തു തുക ഓരോ ഇനങ്ങൾക്കുമായി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി അനുസരിച്ച് പ്രൈമറി തലത്തിൽ എന്തെല്ലാം അടിസ്ഥാന ഭൗതിക സൗകര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) സർവശിക്ഷാ അഭിയാൻ പദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേടുകൾ നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർവശിക്ഷാ അഭിയാൻ പദ്ധതി നടത്തിപ്പിൽ നടന്നിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) 2001–2002 അദ്ധ്യയനവർഷത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 1-ാം തരം മുതൽ 8-ാം തരം വരെയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ 5-ാം തരം മുതൽ 8-ാം തരം വരെയും എസ്.എസ്.എ. പദ്ധതി നടപ്പിലാക്കി തുടങ്ങി.

(ബി) 2001–2002 മുതൽ 2004–2005 വരെ 9225.26 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതും ചേർത്തുള്ള തുകയിൽ ചെലവഴിച്ചതിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി അനുസരിച്ച് പ്രൈമറി തലത്തിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പല പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ സ്കൂൾ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളായ ക്ലാസ്മുറികളുടെ നിർമ്മാണം, മൂത്രപ്പുര നിർമ്മാണം, കുടിവെള്ള സൗകര്യമൊരുക്കൽ, ചുറ്റുമതിൽ, സ്കൂൾ കെട്ടിടം, ഇടഭിത്തി എന്നിവയുടെ നിർമ്മാണം, സ്കൂൾ വൈദ്യുതീകരിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സർക്കാരിന്റെ ശ്രദ്ധയിൽ വന്ന പരാതികളെപ്പറ്റി അന്വേഷിച്ചു വരികയാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ

86 [3260] ശ്രീമതി എലിസബത്ത് മാമൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യത പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് സർവ്വീസിൽ എൽ.ഡി. ക്ലാർക്കായി പ്രവേശിച്ച് പ്രമോഷന് ആവശ്യമായ എല്ലാ ഡിപ്പാർട്ടുമെന്റൽ പരീക്ഷകളും പാസ്സായി 14 വർഷം കഴിഞ്ഞിട്ടും യു.ഡി. ക്ലാർക്കായി പ്രമോഷൻ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ ധാരാളം ഒഴിവുകൾ ഉണ്ടാകാറുണ്ടെങ്കിലും അവ യഥാസമയം നികത്തി പ്രൊമോഷൻ നൽകാറില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1-7-2004-ൽ ഒഴിവ് വന്ന യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 85 (3259) സഭയം കാണുക]

Major Intervetions	*2002-2003* ₹ *in lakhs*	*2003-2004* ₹ *in lakhs*
EGS centres.....Primary	*0.050*	*86.39*
CIVIL WORKS		
Primary School Buildings	22.500	248.28
Additional Class rooms	475.800	1201.00
BRC buildings	121.200	144.00
CRC buildings	37.300	58.00
Toilets	135.380	142.00
Boundary Walls	108.000	304.00
Drinking water facilities	60.975	74.00
Any other civil works (electrification, Seperation wall)	110.500	143.40
CIVIL WORKS		
Maintenance and Repairs grant	165.140	191.55
Free text books	823.934	1010.98
Teaching Learning Equipments Primary	1	..
School Grant	280	226.02
Teacher Grant	418	581.87
Teacher's Training	211	444.59
VEC Training	2.577	8.52
Research & Evaluation	2.019	62.41
Innovative Activities—girls	20.980	570.74
ECCE	7.050	..
IED	51.177	193.32
Computer Edn.	34.601	..
Education of SC/ST	12.572	..
CRC-Workshop/meeting	0.018	43.75
BRC	7	214.41
Overall Management Cost	15.609	367.97
Any other Expenditure	3.070	..
Total	3127.96	6317.20

LIBRARY ARCHIVES Kerala Legislative Assembly